2026
MAY
06
WEDNESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# എൽപിജി വിതരണം ശക്തിപ്പെടുത്തി എച്ച്പിസിഎൽ

## ഒരു മാസത്തിനുള്ളിൽ വിതരണം ചെയ്തത് നാല് കോടിയിലധികം സിലിണ്ടറുകൾ

**കൊച്ചി:** പാചകവാതക വിതരണം കാര്യക്ഷമമാക്കാൻ വിതരണ ശൃംഖല ശക്തിപ്പെടുത്തി ഹിന്ദുസ്ഥാൻ പെട്രോളിയം കോർപറേഷൻ ലിമിറ്റഡ് (എച്ച്പിസിഎൽ) ഏപ്രിൽ 1 മുതൽ മെയ് 2 വരെയുള്ള കാലയളവിൽ രാജ്യവ്യാപമായി നാല് കോടിയിലധികം എൽപിജി സിലിണ്ടറുകൾ വിതരണം ചെയ്തതായി കമ്പനി അറിയിച്ചു.

മെയ് 12ന് മാത്രം 12.3 ലക്ഷം സിലിണ്ടറുകളാണ് വിതരണം ചെയ്തത്. പെട്രോൾ പമ്പുകൾ, സൂപ്പർ മാർക്കറ്റുകൾ, പ്രാദേശിക സ്റ്റോറുകൾ എന്നിവയിലൂടെയുള്ള ചെറു സിലിണ്ടറുകളുടെ വിതരണവും ശക്തിപ്പെടുത്തി. 5 കിലോയുടെ 8,27,039 സിലിണ്ടറുകളും 2 കിലോയുടെ 27,298 സിലിണ്ടറുകളുമാണ് വിതരണം ചെയ്തത്. വിതരണത്തിലെ അച്ചടക്കവും നിരീക്ഷണ സംവിധാനങ്ങളുടെ കുറ്റമറ്റ പ്രവർത്തനവുമാണ് ഉപഭോക്താക്കൾക്ക് യഥാസമയം പാചകവാതകം ഉറപ്പാക്കാൻ സഹായിക്കുന്നതെന്ന് കമ്പനി പുറത്തിറക്കിയ പത്രക്കുറിപ്പിൽ അറിയിച്ചു.

രാജ്യമെമ്പാടുമുള്ള ഉപഭോക്താക്കളിൽ 99.5 ശതമാനവും സിലിണ്ടർ ബുക്ക് ചെയ്യുന്നത് ഓൺലൈൻ മുഖേനയാണ്. വിതരണത്തിലെ ക്രമക്കേടുകൾ തടയുന്നതിനും സുതാര്യത ഉറപ്പാക്കുന്നതിനായി നിരീക്ഷണ സംവിധാനങ്ങളും ശക്തിപ്പെടുത്തിയിട്ടുണ്ട്. രാജ്യത്തുടനീളം ഇക്കാലയളവിൽ നടന്ന 6424 പരിശോധനകളിൽ ക്രമക്കേട് കണ്ടെത്തിയ 177 വിതരണക്കാർക്കെതിരെ നടപടിയെടുത്തു. 34 വിതരണ ഏജൻസികളുടെ ലൈസൻസ് സസ്പെൻഡ് ചെയ്തു. അനധികൃതമായി വിതരണത്തിനെത്തിച്ച 4155 സിലിണ്ടറുകൾ പിടിച്ചെടുത്തു.

### പാചകവാതക വിലക്കയറ്റം പിൻവലിക്കണമെന്നാവശ്യപ്പെട്ട്

# ഹോട്ടലുകൾ ഇന്ന് അടച്ചിടും: കെ.എച്ച്.ആർ.എ

**കൊച്ചി:** പാചകവാതക വില കുത്തനെ ഉയർത്തിയതിൽ പ്രതിഷേധിച്ച് കേരള ഹോട്ടൽ ആൻഡ് റസ്റ്റോറന്റ് അസോസിയേഷന്റെ ആഹ്വാന പ്രകാരം സംസ്ഥാനത്തെ ഹോട്ടൽ, റസ്റ്റോറന്റ്, ബേക്കറി, ക്യാന്റീനുകൾ ഇന്ന് 24 മണിക്കൂർ അടച്ചിടും. ഓൺലൈൻ ഫുഡ് വിതരണം നിർത്തിവെച്ചും പ്രതിഷേധിക്കും. പാചകവാതക വിലക്കയറ്റം പിൻവലിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന വ്യാപകമായി പെട്രോളിയം കമ്പനികളുടെ ഓഫീസിന് മുന്നിലേക്കും, കേന്ദ്രസർക്കാർ സ്ഥാപനങ്ങൾക്ക് മുന്നിലേക്കും പ്രതിഷേധ മാർച്ചും ധർണ്ണയും നടത്തും.

എറണാകുളം പനമ്പിള്ളി നഗറിലുള്ള ഐ.ഒ.സി. ഓഫീസിനു മുന്നിൽ നടക്കുന്ന പ്രതിഷേധ ധർണ്ണ സംസ്ഥാന പ്രസിഡന്റ് ജി. ജയപാൽ ഉദ്ഘാടനം ചെയ്യും. മറ്റ് ജില്ലാ ആസ്ഥാനങ്ങളിലും പ്രതിഷേധം സംഘടിപ്പിക്കും. കേരള വ്യാപാരി വ്യവസായി ഏകോപന സമിതി, കേരള വ്യാപാരി വ്യവസായി സമിതി, ഓൾ കേരള കാറ്റേഴ്സ് അസോസിയേഷൻ, ഹോസ്റ്റൽ ഓണേഴ്സ് ഫെഡറേഷൻ അടക്കമുള്ള നിരവധി വ്യാപാര സംഘടനകൾ കടയടപ്പ് സമരത്തിന് പിന്തുണ പ്രഖ്യാപിച്ചതായി കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ ഭാരവാഹികൾ അറിയിച്ചു.

## റെയിൽവേ ഗേറ്റ് അടച്ചിടും

**അരൂർ:** തുറവൂർ - ചേർത്തല റെയിൽവേ സ്റ്റേഷനുകൾക്കിടയിലുള്ള ലെവൽ ക്രോസ് നമ്പർ 23 (ടി .ഡി റോഡ് ഗേറ്റ്) അറ്റകുറ്റപ്പണികൾക്കായി നാളെ രാവിലെ എട്ട് മണി മുതൽ മേയ് ഒമ്പതിന് വൈകിട്ട് ആറ് മണി വരെ ലെവൽക്രോസ് അടച്ചിടും.

വാഹനങ്ങൾ തൊട്ടടുത്തുള്ള ലെവൽ ക്രോസ് നമ്പർ 22 (നാലുകുളങ്ങര ഗേറ്റ്) വഴി പോകണം.




# ഏഷ്യൻ കാർട്ടിങ് ചാമ്പ്യൻഷിപ്പിൽ കിയാൻ ഷായ്ക്ക് രണ്ടാം സ്ഥാനം

**മുംബൈ:** തായ്‌ലൻഡിലെ പട്ടായയിൽ നടന്ന ആർഎംസി ഏഷ്യ ട്രോഫി രണ്ടാം റൗണ്ടിൽ മിന്നും പ്രകടനവുമായി മുംബൈ താരം കിയാൻ ഷാ. 15 വയസുകാരനായ കിയാൻ അന്താരാഷ്ട്ര കാർട്ടിംഗിലെ തന്റെ ഏറ്റവും മികച്ച നേട്ടമായ രണ്ടാം സ്ഥാനമാണ് പട്ടായയിലെ ബിറ സർക്യൂട്ടിൽ സ്വന്തമാക്കിയത്. റായോ റേസിംഗിന്റെ താരമാണ് കിയാൻ. പട്ടായയിലെ 1.2 കിലോമീറ്റർ സർക്യൂട്ടിൽ നടന്ന മത്സരത്തിന്റെ യോഗ്യതാ റൗണ്ടിൽ തന്നെ കിയാൻ തന്റെ കരുത്തറിയിച്ചിരുന്നു. ഹീറ്റ് ഒന്നിൽ രണ്ടാം സ്ഥാനത്താണ് താരം ഫിനിഷ് ചെയ്തത്. എന്നാൽ ഹീറ്റ് രണ്ടിൽ എൻജിൻ തകരാർ മൂലം പിന്നിലായെങ്കിലും, സൂപ്പർ ഹീറ്റിൽ ഏഴാം സ്ഥാനത്ത് നിന്ന് ആരംഭിച്ച് തകർപ്പൻ മുന്നേറ്റത്തിലൂടെ കിയാൻ രണ്ടാമതെത്തി. ഫൈനൽ മത്സരത്തിൽ അഞ്ചാം സ്ഥാനത്ത് നിന്നാണ് കിയാൻ സ്റ്റാർട്ട് ചെയ്തത്. തുടക്കത്തിൽ ഒരൽപം പിന്നിലായെങ്കിലും, ധീരമായ നീക്കങ്ങളിലൂടെ ഒന്നാം ലാപ്പിൽ തന്നെ നാലാം സ്ഥാനത്തേക്ക് താരം തിരിച്ചെത്തി. പിന്നീട് ഈസൺ സെങ്, ക്രിഷ് ഗുപ്ത എന്നിവരെ മറികടന്ന് രണ്ടാം സ്ഥാനത്തേക്ക് കുതിച്ചു. നിശ്ചിത സമയത്തിനുള്ളിൽ ഒന്നാമതുള്ള ടോബി ഗെയ്‌ലുമായുള്ള (തായ്‌ലൻഡ്) അകലം കുറയ്ക്കാൻ സാധിച്ചില്ലെങ്കിലും രണ്ടാം സ്ഥാനം നിലനിർത്താനായി. തായ്‌ലൻഡ്




താരം സ്റ്റിയൻ മോങ്കോങ് മൂന്നാം സ്ഥാനം നേടി. ഏഷ്യൻ ചാംപ്യൻഷിപ്പിനൊപ്പം തന്നെ തായ്‌ലൻഡ് ചാംപ്യൻഷിപ്പും ഇതേ ഗ്രിഡിൽ നടന്നതിനാൽ രണ്ട് ട്രോഫികൾ നേടിയാണ് കിയാൻ മടങ്ങിയത്. തന്റെ പ്രകടനത്തിൽ അതിയായ സന്തോഷമുണ്ടെന്നും ടീമിന്റെ മികച്ച പ്രവർത്തനമാണ് വിജയത്തിന് പിന്നിലെന്നും കിയാൻ പറഞ്ഞു. കിയാൻ ഈ തലത്തിൽ വലിയ പുരോഗതിയാണ് കൈവരിക്കുന്നതെന്ന് പരിശീലകനും മെന്ററുമായ റയോമ് ബനാജി അഭിപ്രായപ്പെട്ടു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഹോട്ടൽടെക് കേരള പ്രദർശനം മെയ് 15 മുതൽ കൊച്ചിയിൽ

**കൊച്ചി:** ഹൊറേക എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന ഹോട്ടൽസ്, റിസോർട്ട്സ്, റെസ്റ്റോറന്റ്സ്, കേറ്ററിംഗ് മേഖലയ്ക്കാവശ്യമായ ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രദർശിപ്പിക്കുന്ന ഹോട്ടൽടെക് കേരള പ്രദർശനത്തിന്റെ 16ാം പതിപ്പ് മെയ് 15, 16, 17 തീയതികളിൽ കൊച്ചിയിലെ ഗോകുലം കൺവെൻഷൻ സെന്ററിൽ നടക്കുമെന്ന് സംഘാടകർ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

ഭക്ഷ്യോൽപ്പന്നങ്ങൾ, ചേരുവകൾ, ഹോട്ടൽ ഉപകരണങ്ങൾ, ലിനൻ ആൻഡ് ഫർണിഷിംഗ്, ഹോട്ടൽവെയർ, ടേബിൾവെയർ വാണിജ്യ അടുക്കള ഉപകരണങ്ങൾ തുടങ്ങിയവയുമായി 50ലേറെ പ്രദർശകർ ഹോട്ടൽടെകിൽ പങ്കെടുക്കമെന്ന് സംഘാടകരായ ക്രൂസ് എക്സ്പോസ് ഡയറക്ടർ ജോസഫ് കുര്യാക്കോസ് പറഞ്ഞു. കേരളാ ടൂറിസം, അസോസിയേഷൻ ഓഫ് അപ്രൂവ്ഡ് ആൻഡ് ക്ലാസിഫൈഡ് ഹോട്ടൽസ് ഓഫ് കേരള (എഎസിഎച്ച്കെ), കേരള പ്രൊഫഷനൽ ഹൗസ്കീപേഴ്സ് അസോസിയേഷൻ (കെപിഎച്ച്എ), ദി ഹോസ്പിറ്റാലിറ്റി പർച്ചേസ് മാനേജേഴ്സ് ഫോറം (എച്ച്പിഎംഎഫ്) കേരളാ ചാപ്റ്റർ, സൗത്ത് ഇന്ത്യ ഷെഫ്സ് അസോസിയേഷൻ (സിക) കേരള ചാപ്റ്റർ, ചീഫ് എൻജിനീയേഴ്സ് ഫോറം എന്നീ സംഘടനകളുടേയും സ്ഥാപനങ്ങളുടേയും അംഗീകാരവും പിന്തുണയും ഹോട്ടൽടെക്കിനുണ്ട്.

മേളയ്ക്ക് സമാന്തരമായി ആദ്യ രണ്ടു ദിവസം നടക്കുന്ന മത്സരമായ ഹൗസ്കീപ്പേഴ്സ് ചലഞ്ച് (എച്ച്കെസി), മെയ് 12 മുതൽ 16 വരെ നടക്കുന്ന ബറിസ്റ്റ ശിൽപ്പശാല എന്നിവയാകും ഹോട്ടൽടെകിന്റെ പ്രധാന ആകർഷണങ്ങൾ. ഹൗസ്കീപ്പേഴ്സ് ചലഞ്ചിന്റെ (എച്ച്കെസി) ഏഴാമത് പതിപ്പിൽ മോപ്പ് റേസ്, ബെഡ് മേക്കിംഗ് സ്കിൽസ്, ഹണിമൂൺ ഫൽണ്ടർ അറേഞ്ച്മെന്റ്, വാക്വം ക്ലീനർ റേസ്, ടവൽ ആർട്ട്, പാഴ് വസ്തുക്കളിൽ നിന്നുള്ള ഫൽണ്ടർ അറേഞ്ച്മെന്റ് എന്നീ വിഭാഗങ്ങളിലാണ് മത്സരങ്ങൾ അരങ്ങേറുക. പ്രദർശനത്തിന്റെ ഭാഗമായി ബംഗളൂരു ആസ്ഥാനമായ കോഫി ബോർഡ് സംഘടിപ്പിക്കുന്ന കേരള ബറിസ്റ്റ വർക്ക്ഷോപ്പിന്റെ രണ്ടാമത് പതിപ്പ് മെയ് 12 മുതൽ 16 വരെ നടക്കും. വിവിധ ഹോട്ടൽ ജോലികൾ ചെയ്യുന്നവർ അതത് യൂണിഫോമണിഞ്ഞ് പങ്കെടുക്കുന്ന ഫാഷൻ ഷോയും ഇത്തവണ അരങ്ങേറും.

# ഇന്നത്തെ പരിപാടി

## കൊച്ചി

■ **കച്ചേരിപ്പടി പ്രണത ബുക്സ് എഴുത്താൾക്കൂട്ടം :** ഫോട്ടോഗ്രാഫറും പത്രപ്രവർത്തകനുമായിരുന്ന രഘുറായിയുടെ അനുസ്മരണം വൈകിട്ട് 5.30ന് നടക്കും. ഒരു ഫോട്ടോഗ്രാഫറും അയാൾ ജീവിച്ച ലോകങ്ങളും വിഷയത്തിൽ കാർട്ടൂണിസ്റ്റ് ജോഷി ജോർജ് പ്രഭാഷണം നടത്തും.

■ **എറണാകുളം ദർബാർഹാൾ :** ചിത്രകാരൻ സി എൻ കരുണാകരന്റെ 86–ാം ജന്മദിനാചരണം കേരള ലളിതകല അക്കാദമിയുടെ സഹകരണത്തോടെ നടക്കും. രാവിലെ 10.30ന് ഹൈസ്കൂൾ വിദ്യാർഥികളുടെ ചിത്രരചനാമത്സരം. വൈകിട്ട് 5ന് സ്മൃതിസന്ധ്യ എഴുത്തുകാരൻ സി രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും.

## കുരീക്കാട്

■ **കുരീക്കാട് ശ്രീകൃഷ്ണസ്വാമിക്ഷേത്രം :** ഉത്സവത്തിന്റെ ഭാഗമായി ചോറ്റാനിക്കര കലാത്മിക നൃത്തസംഘത്തിന്റെ വീര്യനാട്യവുംകലാർപ്പണ ഡാൻസ്സ്റ്റുഡിയോയുടെ നൃത്ത ശിൽപ്പവം രാത്രി 7.30ന് നടക്കും.

## കോലഞ്ചേരി

■ **കടമറ്റം സെന്റ് ജോർജ് യാക്കോബായ സുറിയാനി പള്ളി :** മോർ ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ, രാവിലെ 7.30ന് കുർബാന, 9ന് വിളക്കിൽ എണ്ണ ഒഴിക്കൽ, വൈകിട്ട് 6.30ന് ഇടവക മെത്രാപ്പോലീത്ത മാത്യൂസ് മോർ ഇവാനിയോസ് മെത്രാപോലീത്തയുടെ നേതൃത്വത്തിൽ സന്ധ്യാ പ്രാർത്ഥന, തുടർന്ന് കറുകപ്പിള്ളി കുരിശിലേക്ക് പ്രദക്ഷിണവും നേർച്ചസദ്യയും.

## കോതമംഗലം

■ **നാഗഞ്ചേരി സെന്റ് ജോർജ് ഹെബ്രോൻ യാക്കോബായ പള്ളി :** മാർ ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ, രാവിലെ 7 ന് പ്രഭാത പ്രാർഥന, 7.30ന് കുർബാന, വൈകിട്ട് 6.30ന് സന്ധ്യാപ്രാർഥന.

## നെടുമ്പാശ്ശേരി

■ **നെടുമ്പാശ്ശേരി സെന്റ് ജോർജ് യാക്കോബായ സുറിയാനി പള്ളി :** ശിലാസ്ഥാന പെരുന്നാളും മാർ ഗീവർഗീസ് സഹദായുടേയും പരിശുദ്ധ പിതാക്കന്മാരുടെയും സംയുക്ത ഓർമ്മപ്പെരുന്നാളും, രാവിലെ 7.30ന് പ്രഭാത പ്രാർത്ഥന, 8.30 ന് കുര്യാക്കോസ് മണലേൽ കോറെപ്പിസ്കോപ്പായുടെ മുഖ്യകാർമികത്വത്തിൽ കുർബാന, മദ്ധ്യസ്ഥ പ്രാർത്ഥന, പ്രസംഗം, തുടർന്ന് ധൂപപ്രാർത്ഥന, സ്കോളർഷിപ്പ് വിതരണം, ലേലം, പ്രദക്ഷിണം, നേർച്ചസദ്യ എന്നിവയുണ്ടാകും.

# യുഡിഎഫ് സർക്കാർ വാഗ്ദാനം പാലിക്കുമെന്ന് പ്രതീക്ഷിക്കുന്നു: ഡോ. ആസാദ് മൂപ്പൻ

**കൊച്ചി:** കേരളത്തിന്റെ ഭരണചരിത്രത്തിൽ പുതിയ പ്രതീക്ഷകൾ നൽകിക്കൊണ്ട്, മികച്ച ജനവിധിയിലൂടെ അധികാരത്തിലേറാൻ പോകുന്ന ഐക്യ ജനാധിപത്യ മുന്നണിക്കും കോൺഗ്രസ് നേതൃത്വത്തിനും എല്ലാ വിധ ആശംസകളും നേരുന്നതായി ഡോ. ആസാദ് മൂപ്പൻ വാർത്താകുറിപ്പിൽ വ്യക്തമാക്കി. യു.ഡി.എഫിന്റെ തിരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ ആരോഗ്യമേഖലയ്ക്ക് നൽകിയിട്ടുള്ള വലിയ പ്രാധാന്യം അങ്ങേയറ്റം സ്വാഗതാർഹവും പ്രതീക്ഷ നൽകുന്നതുമാണ്. ഓരോ കുടുംബത്തിനും 25 ലക്ഷം രൂപയുടെ ചികിത്സാ പരിരക്ഷ ഉറപ്പാക്കുന്ന ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷുറൻസ് പദ്ധതി, സർക്കാർ ആശുപത്രികളിൽ രോഗികൾക്ക് കിടക്ക ഒരു നിയമപരമായ അവകാശമാക്കി മാറ്റുമെന്ന പ്രഖ്യാപനം, സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേകമായി ഷീ ഹോസ്പിറ്റലുകൾ എന്നിവയെല്ലാം കേരളത്തിന്റെ പൊതുജനാരോഗ്യ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരാൻ പോന്ന വാഗ്ദാനങ്ങളാണ്.



ആശാ വർക്കർമാരുടെ സേവനങ്ങൾക്കുള്ള അംഗീകാരമായി വേതനം വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനവും ശ്രദ്ധേയമാണ്.സാധാരണക്കാരുടെ ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ നൽകുന്ന വാഗ്ദാനങ്ങളെല്ലാം വിജയകരമായി നടപ്പിലാക്കാനും, കേരളത്തിന്റെ ആരോഗ്യസാമൂഹിക മേഖലകളിൽ പുതിയൊരു മുന്നേറ്റം കൊണ്ടുവരാനും അധികാരത്തിലേറാൻ പോകുന്ന പുതിയ യു.ഡി.എഫ് സർക്കാരിന് സാധിക്കട്ടെ എന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു. കേരളത്തിന്റെ ആരോഗ്യ മേഖലയെ കൂടുതൽ മികവിലേക്ക് നയിക്കുന്നതിനുള്ള പുതിയ സർക്കാരിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും പൂർണ്ണ പിന്തുണ വാഗ്ദാനം ചെയ്യുന്നതായും ഡോ. ആസാദ് മൂപ്പൻ വ്യക്തമാക്കി.

# അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ വ്യക്തിഗത, ഗ്രൂപ്പ്, വിദ്യാഭ്യാസ വായ്പകൾക്കായി അപേക്ഷ ക്ഷണിച്ചു. 18–നും 55–നും മധ്യേ പ്രായമുള്ള തൊഴിൽരഹിതരായ വനിതകൾക്ക് 4 മുതൽ 8 ശതമാനം പലിശ നിരക്കിൽ വ്യക്തിഗത വായ്പകൾ ലഭ്യമാണ്.

മൈക്രോഫിനാൻസ് പദ്ധതി വഴി കുടുംബശ്രീ സി.ഡി.എസുകൾക്ക് നാല് കോടി രൂപ വരെയും, സി.ഡി.എസിന് കീഴിലുള്ള എസ്.എച്ച്.ജികൾക്ക് 10 ലക്ഷം രൂപ വരെയും വായ്പ ലഭിക്കും. കൂടാതെ, 16നും 32നും മധ്യേ പ്രായമുള്ളവർക്ക് 3 മുതൽ 8 ശതമാനം പലിശയിൽ വിദ്യാഭ്യാസ വായ്പയും അനുവദിക്കുന്നു. അപേക്ഷകൾ അക്ഷയ സെന്ററുകൾ വഴിയോ www.mithrasoft.kswdc.org എന്ന വെബ്സൈറ്റ് മുഖേനയോ സമർപ്പിക്കണം. വിശദവിവരങ്ങൾക്ക് എറണാകുളം മേഖല ഓഫീസുമായി ബന്ധപ്പെടുക. ഫോൺ :94960105008, 94960105011

# അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** തവനൂർ അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ നടത്തുന്ന 'ഇലക്ട്രിക് വെഹിക്കിൾ സർവീസ് ടെക്നീഷ്യൻ' കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. കേന്ദ്ര സർക്കാർ സ്ഥാപനമായ എൻ.എസ്.ഡി.സി. അംഗീകാരമുള്ള കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് മികച്ച തൊഴിലവസരങ്ങളാണ് കാത്തിരിക്കുന്നത്. തിരഞ്ഞെടുക്കപ്പെടുന്ന ഒബിസി വിഭാഗക്കാർക്ക് 100% സ്കോളർഷിപ്പോടെ സൗജന്യമായി പഠിക്കാം. കൂടാതെ കോഴ്സ് പൂർത്തിയാക്കുന്നവർക്ക് സ്റ്റൈപ്പന്റും 100% പ്ലേസ്മെന്റ് സഹായവും അസാപ് ഉറപ്പാക്കുന്നുണ്ട്. ഐടിഐ, ഡിപ്ലോമ, ബി.ടെക് അല്ലെങ്കിൽ പ്ലസ് ടു കഴിഞ്ഞവർക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്കായി 9495999658 എന്ന നമ്പറിൽ ബന്ധപ്പെടുക.

# നൂതന മഴനിരീക്ഷണ സംവിധാനവുമായി അസംപ്ഷൻ കോളേജ്

**ചങ്ങനാശേരി :** നൂതന മഴനിരീക്ഷണ സംവിധാനമൊഴുക്കി അസംപ്ഷൻ കോളേജ്. പ്രാദേശിക കാലാവസ്ഥ നിരീക്ഷണം ശക്തിപ്പെടുത്തുന്നതിനായി ഇന്ത്യൻ സ്പേയ്സ് റിസർച്ച് ഓർഗണൈസേഷന്റെ (ഐ.എസ്. ആർ.ഒ) കീഴിലുള്ള വിക്രം സാരാബായ് സ്പേയ്സ് സെന്റർ നൂതന മഴനിരീക്ഷണ സംവിധാനം അസംപ്ഷൻ കോളേജിൽ സ്ഥാപിച്ചത്. ഇന്ത്യയിൽ ആദ്യമായി സ്വതന്ത്ര ഊർജ്ജോൽപ്പാദന സംവിധാനത്തോടുകൂടി പ്രവർത്തിക്കുന്ന എൽ.പി.എം ഘടകമാണിത്. ലേസർ പ്രെസിപിറ്റേഷൻ മോണിറ്റർ (എൽ.പി.എം), മഴമാപിനി എന്നിവ ഉൾപ്പെട്ട ഈ സംവിധാനം മഴയുടെ സ്വഭാവത്തെക്കുറിച്ചുള്ള സൂക്ഷ്മമായ വിവരങ്ങൾ ശേഖരിക്കാൻ ഇത് സഹായിക്കും. സ്പേസ് ഫിസിക്സ് ലബോറട്ടറിയിലെ ഡോ. കെ.എൻ. ഉമയുടെ ഗവേഷണ പ്രവർത്തനത്തിന്റെ ഭാഗമായാണ് പദ്ധതി നടപ്പാക്കിയത്. അസംപ്ഷൻ കോളേജിലെ ഫിസിക്സ് വിഭാഗത്തിലെ അറ്റ്മോസ്ഫിയറിക് റിസർച്ച് ഗ്രൂപ്പിലെ ഡോ. മറീന അലോഷ്യസിന്റെ നേതൃത്വത്തിലുള്ള ഗവേഷക സംഘമാണ് കോളേജിൽ ഏകോപിപ്പിക്കുന്നത്.

ഈ സംവിധാനം, കാലാവസ്ഥ-അന്തരീക്ഷ ഗവേഷണങ്ങളെ ശക്തിപ്പെടുത്തുന്നതിനൊപ്പം വിദ്യാർത്ഥികൾക്ക് പ്രായോഗിക പഠനവും ഉയർന്ന നിലവാരത്തിലുള്ള ഗവേഷണാവസരങ്ങളും ഒരുക്കുന്നതിൽ നിർണായക പങ്കുവഹിക്കുമെന്നും കോളേജ് അധികൃതർ പറഞ്ഞു.



സൊസൈറ്റി ടുഡേ
SOCIETY TODAY

# ആശുപത്രിയിൽ ഉപേക്ഷിക്കുന്നവരെ സംരക്ഷിക്കാൻ ജില്ലകളിൽ ഒരു സ്ഥാപനമെങ്കിലും ആരംഭിക്കണം : മനുഷ്യാവകാശ കമ്മീഷൻ

**തിരുവനന്തപുരം** : ആശുപത്രികളിൽ ഉപേക്ഷിക്കപ്പെട്ട് അവശത അനുഭവിക്കുന്ന രോഗികളെ പരിചരിക്കുന്നതിന് ഒരു ജില്ലയിൽ ഒരു സ്ഥാപനമെങ്കിലും ആരംഭിക്കണമെന്ന സാമൂഹികനീതി വകുപ്പിന്റെ ശുപാർശയിൽ സർക്കാർ അനുഭാവപൂർവ്വം തീരുമാനമെടുക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാർ തോമസ്.

സർക്കാർ ആശുപത്രികളിൽ ഉപേക്ഷിക്കപ്പെടുന്ന രോഗികളെ സംബന്ധിച്ച പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി. കൂടുതൽ സന്നദ്ധ സംഘനടകൾക്ക് ഗ്രാന്റ് നൽകി തെരുവുകളിൽ അലഞ്ഞു തിരിയുന്നവരെയും രോഗം ഭേദമായ ശേഷം ബന്ധുക്കൾ ഏറ്റെടുക്കാത്തവരെയും സംരക്ഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ദുർബല ജനവിഭാഗം പദ്ധതി വ്യാപിപ്പിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു. സാമൂഹിക നീതി വകുപ്പ് സെക്രട്ടറിക്കും ഡയറക്ടർക്കുമാണ് കമ്മീഷൻ നിർദ്ദേശം നൽകിയത്. സാമൂഹികനീതി വകുപ്പ് ഡയറക്ടറിൽ നിന്നും കമ്മീഷൻ റിപ്പോർട്ട് വാങ്ങി.

ആരുമില്ലാത്തവരെ സംരക്ഷിക്കാൻ സന്നദ്ധ സംഘടനകൾക്ക് ദുർബലജനവിഭാഗം പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാന്റ് നൽകുന്നതായി സാമൂഹികനീതി വകുപ്പ് കമ്മീഷനെ അറിയിച്ചു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കണ്ണൂർജില്ലയിൽ ഒരു സ്ഥാപനത്തിനായി സർക്കാരിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. സർക്കാർ ഉടമസ്ഥതയിലുള്ള 16 വൃദ്ധസദനങ്ങളും ഓർഫനേജ് കൺട്രോൾ ബോർഡിന് കീഴിൽ 600 ഓളം സ്ഥാപനങ്ങളിലും കിടപ്പിലായവരെ പരിചരിക്കാൻ മനുഷ്യവിഭവ ശേഷി ഇല്ലാത്തതിനാൽ സേവനം പരിമിതമായി മാത്രമാണ് നൽകാൻ കഴിയുന്നതെന്ന് റിപ്പോർട്ടിൽ പറഞ്ഞു.

# കൊച്ചി കോർപ്പറേഷന്റെ മൂന്നാമത്തെ റോറോ

കൊച്ചി: ഈമാസം അവസാനത്തോടെ കൊച്ചി കോർപ്പറേഷന്റെ മൂന്നാമത്തെ റോ-റോ കപ്പൽ കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ് (സി.എസ്.എൽ) കൈമാറും. കപ്പൽ ലഭിച്ച ഉടൻ തന്നെ ഫോർട്ട് കൊച്ചി-വൈപ്പിൻ റൂട്ടിൽ സർവീസ് ആരംഭിക്കാനാണ് കോർപ്പറേഷന്റെ ലക്ഷ്യം. നിലവിൽ ഈ റൂട്ടിൽ പ്രവർത്തിക്കുന്ന രണ്ട് റോ-റോ കപ്പലുകളും കൃത്യമായ അറ്റ കുറ്റപ്പണികൾക്കായി ഡ്രൈ ഡോക്കിംഗ് ആവശ്യമാണ്. പുതിയ മൂന്നാമത്തെ കപ്പൽ സർവീസിൽ ഇറക്കിയാൽ പഴയതിലൊന്ന് ഡ്രൈ ഡോക്കിന് അയക്കാൻ സാധിക്കുമെന്നാണ് കോർപ്പറേഷൻ അധികൃതർ പറയുന്നത്.

റോ-റോ കപ്പലിന്റെ നിർമ്മാണത്തിനായി കോർപ്പറേഷൻ 18 കോടി രൂപ അനുവദിച്ചിരുന്നു. 2024 ൽ സി.എസ്.എല്ലുമായി കരാർ ഒപ്പിട്ടിരുന്ന പദ്ധതി പ്രകാരം 18 മാസത്തിനുള്ളിൽ കപ്പൽ ലഭ്യമാക്കാനായിരുന്നു ലക്ഷ്യം.

കെ.എസ്ഐഎൻസി കരാർ റദ്ദാക്കൽ നിലവിൽ റോ-റോ കപ്പലുകൾ പ്രവർത്തിപ്പിക്കുന്ന കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷനു (കെ.എസ്.ഐ.എൻ.സി)മായുള്ള കരാർ റദ്ദാക്കുന്ന കാര്യത്തിൽ കോർപ്പറേഷൻ അന്തിമ തീരുമാനമെടുത്തിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടുകളിൽ കെ.എസ്.ഐ.എൻ.സി സമർപ്പിച്ച കണക്കുകളിൽ ക്രമക്കേടുകളും കനത്ത സാമ്പത്തിക നഷ്ടവും കണ്ടെത്തിയ സാഹചര്യത്തിലാണ് നടപടി.
മാർച്ച് രണ്ടാം വാരത്തിൽ കൗൺസിൽ എൻജിനിയറിങ് വിഭാഗത്തിന് നിയമോപദേശം തേടാൻ നിർദേശം നൽകിയിട്ടുണ്ട്. സെക്രട്ടറി തയ്യാറാക്കുന്ന റിപ്പോർട്ട് ചർച്ച ചെയ്യാൻ സർവകക്ഷി യോഗം വിളിച്ചേക്കുമെന്ന് അറിയിച്ചു.
പുതിയ മാനേജ്മെന്റ് ഓപ്ഷനുകൾ കപ്പലുകളുടെ നടത്തിപ്പിനായി കോർപ്പറേഷന്റെ സ്വന്തം വിഭാഗമായ സെന്റർ ഫോർ ഹെറിറ്റേജ്, എൻവയോൺമെന്റ് ആൻഡ് ഡെവ ബപ്മെന്റ് (സി-ഹെഡ്) ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) രൂപികരിക്കാനുള്ള സാധ്യതയുണ്ട്. കപ്പലിന്റെ വരവോടെ സേവനം കുടുതൽ മെച്ചപ്പെടുത്തി, സാമ്പത്തിക ഭാരം കുറയ്ക്കാനു ള്ള കോർപ്പറേഷന്റെ ശ്രമങ്ങൾ ശ്രദ്ധേയമാണ്. അന്തിമ തീരുമാനം സർവകക്ഷി ചർച്ചകൾക്ക് ശേഷമാകുമെന്നാണ് സൂചന.

# വനിതകൾക്ക് ആമസോൺ സ്കോളർഷിപ്പ്

**കൊച്ചി:** ആമസോൺ ഫ്യൂച്ചർ എൻജിനീയർ പദ്ധതിയുടെ ഭാഗമായി 2026ൽ 500 പുതിയ സ്കോളർഷിപ്പുകൾ പ്രഖ്യാപിച്ചു. താഴ്ന്ന വരുമാനമുള്ള വനിതാ എൻജിനീയറിങ് വിദ്യാർഥികൾക്ക് നാല് വർഷത്തേക്ക് രണ്ട് ലക്ഷം സാമ്പത്തിക സഹായം, മെമ്പർഷിപ്പ്, സാങ്കേതിക പരിശീലനം എന്നിവ ലഭിക്കും.

പദ്ധതിയുടെ വ്യാപനത്തോടെ ആകെ 2,200 സ്കോളർമാരിലേക്ക് പിന്തുണ ഉയരും. 2022 മുതൽ ഏകദേശം 50 കോടി നിക്ഷേപിച്ചിട്ടുള്ള പദ്ധതി 50,000ത്തിലധികം സർക്കാർ സ്കൂളുകളിൽ 48 ലക്ഷം വിദ്യാർഥികളെ എത്തിച്ചിട്ടുണ്ട്.

# ഡോ. സുകുമാർ അഴീക്കോട് ജന്മശതാബ്ദി സമ്മേളനം

**കൊച്ചി:** ഡോ. സുകുമാർ അഴീക്കോട് ജന്മ ശതാബ്ദി ആഘോഷ പരിപാടികളുടെ ഭാഗമായി നൂറ്റിയൊന്നാമത് ജന്മദിനമായ മെയ് 12 ഞായറാഴ്ച വൈകിട്ട് 3 മണിക്ക് എറണാകുളം സഹോദര സൗധത്തിൽ അഴീക്കോട് അനുസ്മരണ സമ്മേളനം നടക്കും. റിട്ട. ഹൈക്കോടതി ജഡ്ജി വി.ജി. അരുൺ സമ്മേളനം ഉദ്ഘാടനം ചെയ്യും.
ശ്രീനാരായണ സേവാസംഘം പ്രസിഡന്റ് അഡ്വ. എൻ.ഡി. പ്രേമചന്ദ്രൻ അധ്യക്ഷത വഹിക്കും. ഡോ. സുനിൽ.പി. ഇളയിടം മുഖ്യപ്രഭാഷണം നടത്തും. എൻ.പത്മനാഭൻ, സേവാസംഘം സെക്രട്ടറി പി.പി. രാജൻ, ട്രഷറർ എൻ. സുഗതൻ എന്നിവർ പ്രസംഗിക്കും.

## പത്രപ്രവർത്തക അവാർഡിന് അപേക്ഷ : തീയതി നീട്ടി

**ആലപ്പുഴ:** ജോയ് വർഗീസ് ഫൗണ്ടേഷൻ പത്ര പ്രവർത്തക അവാർഡിന് അപേക്ഷിക്കാനുള്ള തീയതി മെയ് 10 വരെ നീട്ടി.
മികച്ച രാഷ്ട്രീയ അവലോകനം / ലേഖനത്തിനാണ് അവാർഡ്. വിജയിക്ക് 15001 രൂപയുടെ ക്യാഷ് അവാർഡും ഉപഹാരവും സമ്മാനിക്കും. 2025 മാർച്ച് ഒന്നിനും 2026 മാർച്ച് 31നും ഇടയിൽ മലയാള പത്രങ്ങളിലോ ആനുകാലികങ്ങളിലോ പ്രസിദ്ധീകരിച്ചവയായിരിക്കണം. ലേഖനങ്ങളുടെ അസ്സലും രണ്ടു പകർപ്പുകളും സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം സഹിതം ടോമി പുലിക്കാട്ടിൽ, പുലിക്കാട്ടിൽ ഹാൻഡി ക്രാഫ്റ്റ്സ്, പുന്നമട ഫിനിഷിംഗ് പോയന്റ്, ആലപ്പുഴ 1 എന്ന വിലാസത്തിൽ എത്തിക്കണം. ഫോൺ +91 99470 34800.

## ബോട്ടുകൾ വാടകയ്ക്ക് എടുക്കുന്നു

**ആലപ്പുഴ:**2026 ലെ ട്രോളിങ് നിരോധിത കാലയളവിലേക്ക് ആലപ്പുഴ ജില്ലയിലേക്ക് രണ്ട് യന്ത്രവൽകൃത സ്റ്റീൽ ബോട്ടുകളും (ഒരെണ്ണം അഴീക്കൽ ഹാർബർ കേന്ദ്രീകരിച്ചും ഒരെണ്ണം തോപ്പുംപടി കേന്ദ്രീകരിച്ചും പ്രവർത്തിക്കുന്നതിനുവേണ്ടി) ഒരു ഫൈബർ വള്ളവും (ചെത്തി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിനുവേണ്ടി) ദിവസ വാടകയ്ക്ക് എടുക്കുന്നു. ക്വട്ടേഷനുകൾ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, ഫിഷറീസ് സ്റ്റേഷൻ, തോട്ടപ്പള്ളി, ആലപ്പുഴ, പിൻ 688013 എന്ന വിലാസത്തിൽ മേയ് 12 മൂന്ന് മണി വരെ സമർപ്പിക്കേണ്ടതാണ്. ഫോൺ: 0477-2297707, 9447967155.

# ട്രെയിനിൽ നിന്ന് വീണുള്ള അപകടങ്ങൾ ഒഴിവാക്കാൻ യാത്രക്കാർക്ക് മുന്നറിയിപ്പുമായി ആർപിഎഫ്

**തിരുവനന്തപുരം:** ട്രെയിൻ യാത്രക്കാർ ട്രെയിനിൽ നിന്ന് വീണുള്ള അപകടങ്ങൾ വർധിക്കുന്ന സാഹചര്യത്തിൽ എല്ലാവരോടും സുരക്ഷിതമായ യാത്രാ രീതികൾ പാലിക്കണമെന്ന് അഭ്യർത്ഥിച്ച് തിരുവനന്തപുരം ഡിവിഷൻ റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ് (RPF). ട്രെയിൻ ഓടിക്കൊണ്ടിരിക്കുമ്പോൾ കോച്ചിന്റെ വാതിൽക്കൽ നിൽക്കുന്നതും ഫുട്ബോർഡിൽ യാത്ര ചെയ്യുന്നതും പോലുള്ള അപകടകരമായ പ്രവണതകൾ ഒഴിവാക്കണം. ഇത്തരത്തിലുള്ള പ്രവൃത്തികൾ വളവുകൾ, ബ്രേക്കിംഗ്, ട്രെയിനിലെ തിരക്ക്, പെട്ടെന്നുള്ള ശാരീരിക അസ്വസ്ഥത എന്നിവ കാരണം ബാലൻസ് നഷ്ടപ്പെടാൻ ഇടയാക്കും. ചെറിയ ഒരു പിഴവു പോലും ഗുരുതരമായ പരിക്കുകൾക്കും മരണത്തിനും കാരണമാകും. ട്രെയിനിൽ പ്രവേശിച്ചാലുടൻ കോച്ചിനുള്ളിലേക്ക് പൂർണമായും കയറി ഡോറിൽ നിന്ന് പരമാവധി സുരക്ഷ പാലിച്ച് യാത്ര ചെയ്യണം. ഒരുകാരണവശാലും ഓടിക്കൊണ്ടിരിക്കുന്ന ട്രെയിനിൽ കയറുകയോ, ഇറങ്ങുകയോ ചെയ്യരുത്. ട്രെയിനിന്റെ വാതിൽക്കൽ നിന്ന് പുറത്തേക്ക് ചാഞ്ഞ് അല്ലെങ്കിൽ തൂങ്ങിനിൽക്കരുത്.



ഈ വർഷം ഇതുവരെ ഡിവിഷനിൽ 37 യാത്രക്കാർ വീണുള്ള അപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവയിൽ പലതും ഗുരുതരമായ പരിക്കുകളും ജീവഹാനിയും ഉണ്ടാക്കിയിട്ടുണ്ട്. RPFഉം റെയിൽവേ ജീവനക്കാരും ചേർന്ന് ബോധവത്കരണ ക്യാമ്പെയ്നുകൾ, സ്റ്റേഷൻ അറിയിപ്പുകൾ, യാത്രക്കാരുടെ കൗൺസിലിംഗ്, നിരീക്ഷണം എന്നിവ ശക്തമാക്കി തുടരുകയാണ്. ഓരോ ജീവനും വിലപ്പെട്ടതാണെന്നും ട്രെയിൻ യാത്ര അതീവ ശ്രദ്ധയോടെ നടത്തണമെന്നും അധികൃതർ സൂചിപ്പിച്ചു.

സുരക്ഷിത ട്രെയിൻ യാത്രയ്ക്കായി എല്ലാവരുടെയും സഹകരണം ഡിവിഷൻ റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ് അഭ്യർത്ഥിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കെഷ്വിൻ ഹ്യൂണ്ടായി കൊച്ചിയിൽ പുതിയ രണ്ട് ഷോറൂമുകൾ തുറന്നു

**കൊച്ചി:** പ്രമുഖ വാഹന നിർമാണ കമ്പനിയായ ഹ്യുണ്ടായി മോട്ടോർ ഇന്ത്യ ലിമിറ്റഡ് (എച്ച്എംഐഎൽ)യുടെ ഡീലർഷിപ്പായ കെഷ്വിൻ ഹ്യൂണ്ടായ് കൊച്ചിയിൽ പുതിയ രണ്ടു ഷോറൂമുകളും, സർവീസ് സെന്ററും പ്രവർത്തനമാരംഭിച്ചു. മാമംഗലം, കളമശേരി എന്നിവങ്ങളിലെ ഷോറൂമിന്റെയും സർവീസ് സെന്ററിന്റെയും ഉദ്ഘാടനം ഹ്യുണ്ടായി മോട്ടോർ ഇന്ത്യ മാനേജിംഗ് ഡയറക്ടറും സിഇഒയുമായ തരുൺ ഗാർഗ്, ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ഡി എച്ച് പാർക്ക് എന്നിവർ ചേർന്ന് നിർവഹിച്ചു.

ഹ്യുണ്ടായി മോട്ടോർ ഇന്ത്യ മാനേജിംഗ് ഡയറക്ടറും സിഇഒയുമായ തരുൺ ഗാർഗ് ഇന്ത്യയിലെ ഹ്യൂണ്ടായിയുടെ വിപുലീകരണ പദ്ധതികൾ, ഉപഭോക്തൃ കേന്ദ്രീകൃത സേവനങ്ങളും, ഭാവി കാഴ്ചപ്പാടുകളും വിശദീകരിച്ചു. കമ്പനിയുടെ ഓപ്പറേഷണൽ എക്സലൻസും സേവന നിലവാരവും കൂടുതൽ മെച്ചപ്പെടുത്തുമെന്ന് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ഡിഎച്ച് പാർക്ക് പറഞ്ഞു.

ഹ്യുണ്ടായി സോണൽ ബിസിനസ് ഹെഡ് കൃപ ശങ്കർ മിശ്ര, സോണൽ ബിസിനസ് കോഓർഡിനേറ്റർ യൂങ് ഹൂൻ യുൻ, സോണൽ പാർട്സ് ആൻഡ് സർവീസ് ഹെഡ് തനശങ്കർ എസ്, ഡീലർഷിപ്പ് പങ്കാളികളായ ഉദയ് കുമാർ റെഡ്ഡി, ലിഖിത റെഡ്ഡി, എക്സിക്യൂട്ടീവ് ഡയറക്ടർ ചന്ദൻ, കെഷ്വിൻ ഹ്യൂണ്ടായി സിഇഒ സഞ്ചു ലാൽ രവീന്ദ്രൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

2024ൽ കൊച്ചി എംജി റോഡിൽ ആരംഭിച്ച കെഷ്വിൻ ഹ്യുണ്ടായിക്ക് കളമശേരി, മാമംഗലം എന്നിവിടങ്ങളിൽ ഷോറൂമുകളും, എളമക്കര, കളമശേരി എന്നിവിടങ്ങളിൽ സർവീസ് സെന്റുകളും പ്രവർത്തിക്കുന്നുണ്ട്. കോട്ടയത്തും പുതിയ ഷോറൂം ഉടൻ ആരംഭിക്കുമെന്നും വരും വർഷങ്ങളിൽ കൂടുതൽ മേഖലകളിലേക്ക് വിപണി വ്യാപിപ്പിക്കുമെന്നും കെഷ്വിൻ ഹ്യൂണ്ടായി സിഇഒ സഞ്ചു ലാൽ രവീന്ദ്രൻ പറഞ്ഞു.



*കെഷ്വിൻ ഹ്യൂായി മാമംഗലം ഷോറൂം ഹ്യുണ്ടായി മോട്ടോർ ഇന്ത്യ മാനേജിംഗ് ഡയറക്ടറും സിഇഒയുമായ തരുൺ ഗാർഗ്, ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ഡി എച്ച് പാർക്ക് എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്യുന്നു. ഡീലർഷിപ്പ് പങ്കാളികളായ ഉദയ് കുമാർ റെഡ്ഡി, ലിഖിത റെഡ്ഡി, സിഇഒ സഞ്ചു ലാൽ രവീന്ദ്രൻ എന്നിവർ സമീപം.*

# മണപ്പുറം ഫിനാൻസിന് നാലാം പാദത്തിൽ 69.7ശതമാനം ലാഭ വർധന

**കൊച്ചി:** നാലാം പാദ ഫലങ്ങളിൽ 69.7ശതമാനം ലാഭ വർധന നേടി പ്രമുഖ ബാങ്കിംഗ് ഇതര ധനകാര്യ കമ്പനിയായ മണപ്പുറം ഫിനാൻസ്. 2026സാമ്പത്തിക വർഷം മാർച്ച് 31ന് അവസാനിച്ച നാലാം പാദത്തിലെ നികുതി കഴിഞ്ഞുള്ള ലാഭം മുൻ പാദത്തെ അപേക്ഷിച്ച് 69.7ശതമാനം ഉയർന്ന് 405കോടി രൂപയായി. ഇതേ കാലയളവിൽ കമ്പനി കൈകാര്യം ചെയ്യുന്ന ആസ്തി 22.4ശതമാനം വർധിച്ച് 63.798കോടി രൂപയായും ഉയർന്നു. മുൻ വർഷത്തെയപേക്ഷിച്ച് നികുതി കഴിഞ്ഞുള്ള മൊത്ത ലാഭത്തിൽ 299.2ശതമാനം വർധന ഉണ്ടായിട്ടുണ്ട്.




നാലാം പാദത്തിൽ കമ്പനിയുടെ സ്വർണ്ണ വായ്പാ ആസ്തി 50,953കോടി രൂപയാണ്. മുൻ വർഷത്തെയപേക്ഷിച്ച് 99.1ശതമാനം കൂടുതൽ. 2026സാമ്പത്തിക വർഷം കമ്പനി കൈകാര്യം ചെയ്യുന്ന മൊത്തം ആസ്തി മുൻ വർഷത്തെ അപേക്ഷിച്ച് 48.3ശതമാനം വർധിച്ച് 63,798 കോടി രൂപയായി ഉയർന്നു. 2025 സാമ്പത്തിക വർഷം ഇത് 43.034കോടി രൂപയായിരുന്നു. മൊത്തം ആസ്തിയുടെ 20.1 ശതമാനം സ്വർണ്ണ വായ്പ കൂടാതെയുള്ള ആസ്തിയാണ്. നാലാം പാദത്തിൽ ആശീർവാദ് മൈക്രോ ഫിനാൻസ് 13കോടി രൂപയുടെ ലാഭം നേടിയിട്ടുണ്ട്.

കമ്പനിയുടെ മൊത്തം പ്രവർത്തന ലാഭം നാലാം പാദത്തിൽ മുൻവർഷത്തെയപേക്ഷിച്ച് 10.7ശതമാനം വർധിച്ച് 2,614കോടി രൂപയായി. മുൻവർഷം ഇതേ പാദത്തിൽ അത് 2,361കോടി രൂപയായിരുന്നു. നികുതിക്കു ശേഷമുള്ള ലാഭം 405കോടി രൂപയും. 2025 സാമ്പത്തിക വർഷം ഇതേ പാദത്തിൽ 203 കോടി രൂപയുടെ നഷ്ടം രേഖപ്പെടുത്തിയിരുന്നു. നാലാം പാദത്തിൽ ശാഖകളുടെ എണ്ണം 5,340 ആയും ജീവനക്കാരുടെ എണ്ണം 42,100ആയും ഉയർന്നിട്ടുണ്ട്.

ആഭ്യന്തരവും ബാഹ്യവുമായ പ്രതികൂല സാഹചര്യങ്ങൾക്കിടയിലും നാലാം പാദത്തിൽ കമ്പനിക്കു മികച്ച പ്രകടനം നടത്താൻ കഴിഞ്ഞതിൽ ചാരിതാർത്ഥ്യമുണ്ടെന്ന് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ വി പി നന്ദകുമാർ പറഞ്ഞു. ഇക്കാലയളവിൽ സ്വർണ്ണ വില വളരെ കൂടുകയും ആഗോള സംഘർഷങ്ങൾ രൂക്ഷമാവുകയും വിതരണ തടസങ്ങൾ വർധിക്കുകയും സാമ്പത്തിക വളർച്ച മന്ദഗതിയിലാവുകയും ഓഹരി വിപണിയിൽ ചാഞ്ചാട്ടം അനുഭവപ്പെടുകയും ചെയ്തിരുന്നു. എന്നാൽ, ഇതിനെല്ലാമിടയിലും കമ്പനി സ്തുത്യർഹമായ മുന്നേറ്റം നടത്തിയതായി അദ്ദേഹം നിരീക്ഷിച്ചു.

# ആക്സിസ് നിഫ്റ്റി ക്യാപിറ്റൽ മാർക്കറ്റ്സ് ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** രാജ്യത്തെ പ്രമുഖ അസറ്റ് മാനേജ്മെൻറ് കമ്പനികളിലൊന്നായ ആക്സിസ് മ്യൂചൽ ഫണ്ട് ആക്സിസ് നിഫ്റ്റി ക്യാപിറ്റൽ മാർക്കറ്റ്സ് ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ചു. രാജ്യത്ത് അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന മൂലധന വിപണി മേഖലയെ ലക്ഷ്യമിട്ടുള്ള ഈ പദ്ധതി നിഫ്റ്റി ക്യാപിറ്റൽ മാർക്കറ്റ്സ് ടോട്ടൽ റിട്ടേൺ ഇൻഡക്സിനെ പിന്തുടരുന്ന ഒരു ഓപ്പൺ എൻഡഡ് ഇൻഡക്സ് ഫണ്ടാണ്. പുതിയ ഫണ്ട് ഓഫർ മേയ് 15-ന് അവസാനിക്കും. ട്രാക്കിംഗ് വ്യതിയാനങ്ങൾക്ക് വിധേയമായി ചെലവുകൾക്ക് മുൻപുള്ള ആദായം നിഫ്റ്റി ക്യാപിറ്റൽ മാർക്കറ്റ്സ് ടോട്ടൽ റിട്ടേൺ ഇൻഡക്സിന് സമാനമായ ലാഭം നിക്ഷേപകർക്ക് നൽകാനാണ് ഈ ഫണ്ട് ലക്ഷ്യമിടുന്നത്.

എക്സ്ചേഞ്ചുകൾ, അസറ്റ് മാനേജ്മെൻറ് കമ്പനികൾ, ബ്രോക്കറേജുകൾ, ഡിപ്പോസിറ്ററികൾ തുടങ്ങി മൂലധന വിപണിയിലെ വിവിധ മേഖലകളിലുള്ള കമ്പനികളിലാണ് ഈ ഫണ്ട് പ്രധാനമായും നിക്ഷേപം നടത്തുന്നത്.

2026 മാർച്ചിലെ കണക്കനുസരിച്ച് മ്യൂചൽ ഫണ്ടുകൾ കൈകാര്യം ചെയ്യുന്ന ശരാശരി ആസ്തി ഏകദേശം 79 ലക്ഷം കോടി രൂപയിലെത്തി. റെക്കോർഡ് തലത്തിലുള്ള സിസ്റ്റമാറ്റിക് ഇൻവെസ്റ്റ്മെൻറ് നിക്ഷേപങ്ങളുടെ പിൻബലത്തിൽ മ്യൂചൽ ഫണ്ട് മേഖലയിലും ഈ മുന്നേറ്റം പ്രകടമാണ്.

കുറഞ്ഞ നിക്ഷേപ തുക 100 രൂപയാണ്, തുടർന്ന് 1 രൂപയുടെ ഗുണിതങ്ങളായി നിക്ഷേപിക്കാവുന്നതാണ്. അലോട്ട്മെൻറ് ലഭിച്ച് 15 ദിവസത്തിനുള്ളിൽ നിക്ഷേപം പിൻവലിക്കുകയോ മാറ്റുകയോ ചെയ്താൽ 0.25 ശതമാനം എക്സിറ്റ് ലോഡ് ബാധകമായിരിക്കും.

ശക്തമായ ആഭ്യന്തര നിക്ഷേപങ്ങൾ, ചെറുകിട നിക്ഷേപകരുടെ വർദ്ധിച്ച പങ്കാളിത്തം, സമ്പാദ്യശീലങ്ങൾ ഔദ്യോഗിക സാമ്പത്തിക മേഖലയിലേക്ക് മാറുന്നത് എന്നിവയുടെ പിൻബലത്തിൽ രാജ്യത്തെ മൂലധന വിപണി കൂടുതൽ ആഴത്തിലുള്ളതും പങ്കാളിത്തമുള്ളതുമായ ഒരു ഘട്ടത്തിലേക്ക് മാറുകയാണ്. വിപണി തലത്തിൽ മാത്രമല്ല ഈ വളർച്ചയ്ക്ക് കരുത്തേകുന്ന വിപുലമായ ഈ മേഖലയിലുടനീളം ഒരു ദീർഘകാല അവസരമാണ് കാണുന്നതെന്ന് ആക്സിസ് എഎംസി എംഡിയും സിഇഒയുമായ ബി. ഗോപ്കുമാർ പറഞ്ഞു. നന്ദിക് മല്ലിക്, രോഹിത് ഗൗതം എന്നിവരാണ് ഫണ്ട് മാനേജർമാർ.

# കെ–മാറ്റ്: പത്താം തീയതി വരെ അപേക്ഷിക്കാം

**തിരുവനന്തപുരം:** 2026–27 അദ്ധ്യയന വർഷത്തെ എം.ബി.എ പ്രവേശനത്തിനുള്ള കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷയായ കേരള മാനേജ്മെന്റ് ആപ്റ്റിറ്റിയൂഡ് ടെസ്റ്റ് (സെക്ഷൻ-II) പ്രവേശന പരീക്ഷയുടെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി മേയ് 10 വൈകുന്നേരം 5 മണി വരെ ദീർഘിപ്പിച്ചു. യോഗ്യരായ വിദ്യാർത്ഥികൾ www.cee.kerala.gov.in ലൂടെ അപേക്ഷ സമർപ്പിക്കണം.

# രശ്മിക മന്ദാന പോപ്പായ്സ് ഇന്ത്യ ബ്രാൻഡ് അംബാസഡർ




**കൊച്ചി:** ലോകപ്രശസ്ത അമേരിക്കൻ ഫ്രൈഡ് ചിക്കൻ ബ്രാൻഡായ പോപ്പായ്സ്, തെന്നിന്ത്യൻ താരം രശ്മിക മന്ദാനയെ ഇന്ത്യയിലെ ബ്രാൻഡ് അംബാസഡറായി പ്രഖ്യാപിച്ചു. ബ്രാൻഡിന്റെ ദക്ഷിണേന്ത്യയിലെ ആദ്യ ക്യാമ്പയിൻ ആയ ബോറിങ് വേർസസ് ബോൾഡ് ഇതിനോടൊപ്പം പുറത്തിറക്കി. ബോറിങ് ഹട്ടാവോ, ബോൾഡ് കോ ലാവോ' (വിരസത ഒഴിവാക്കൂ, ബോൾഡ് രുചികൾ തിരഞ്ഞെടുക്കൂ) എന്ന സന്ദേശത്തിലൂടെ പോപ്പായ്സിന്റെ സവിശേഷമായ കാജുൻ ഫ്ളേവറുകളെ ജനങ്ങളിലേക്ക് എത്തിക്കുകയാണ് ലക്ഷ്യം. യുവത്വവും ഊർജ്ജസ്വലതയുമുള്ള രശ്മികയുടെ പ്രതിച്ഛായ പോപ്പായ്സ് ബ്രാൻഡിന്റെ വ്യക്തിത്വത്തിന് അനുയോജ്യമാണെന്ന് കമ്പനി വിലയിരുത്തുന്നു. ലൂസിയാന പൈതൃകമുള്ള പോപ്പായ്സ് ചിക്കൻ, 12 മണിക്കൂർ മാരിനേറ്റ് ചെയ്ത് കൈകൊണ്ട് ബ്രെഡ് ചെയ്താണ് തയ്യാറാക്കുന്നത്. ഐക്കൺ വിഭവങ്ങളായ ചിക്കൻ സാൻഡ്വിച്ച്, ഹോട്ട് ആൻഡ് മെസ്സി റേഞ്ച് എന്നിവ ഇതിൽ പ്രധാനമാണ്. നിലവിൽ ദക്ഷിണേന്ത്യയിൽ ജൂബിലന്റ് ഫുഡ്വർക്ക്സിന് കീഴിൽ 48 റെസ്റ്റോറന്റുകൾ പോപ്പായ്സിനുണ്ട്. ഘട്ടം ഘട്ടമായി ക്യാമ്പയിൻ ദേശീയ തലത്തിലേക്ക് വ്യാപിപ്പിക്കും. ബ്രാൻഡിന്റെ ഏറ്റവും വലിയ വിപണിയായ ദക്ഷിണേന്ത്യയിലെ ടിവി, ഡിജിറ്റൽ പ്ലാറ്റ് ഫോമുകളിലുടനീളം 360 ഡിഗ്രി മീഡിയ റോൾഔട്ടിന്റെ പിന്തുണയോടെയാണ് കാമ്പയിൻ നടക്കുക. 'ഇന്ത്യയിൽ ബ്രാൻഡ് വളർത്തുന്നതിലെ പ്രധാന നാഴികക്കല്ലാണിത്. രുചിയിലും യുവത്വത്തിലും ഊന്നിയുള്ള വ്യത്യസ്തമായ അനുഭവമാണ് ഞങ്ങൾ വാഗ്ദാനം ചെയ്യുന്നത്-പോപ്പായ്സ് ഇന്ത്യ ബിസിനസ് ഹെഡും എക്സിക്യൂട്ടീവ് വൈസ് പ്രസിഡുമായ വിഭോർ ഗുപ്ത പറഞ്ഞു. എപ്പോഴും ആവേശകരവും സത്യസന്ധവുമായ കാര്യങ്ങൾ തിരഞ്ഞെടുക്കാൻ ഇഷ്ടപ്പെടുന്ന എനിക്ക്, പോപ്പായ്സിന്റെ ബോൾഡ് രുചികളുമായി സഹകരിക്കുന്നതിൽ വലിയ സന്തോഷമുണ്ട്-നടി രശ്മിക മന്ദാന പറഞ്ഞു.

# വി മൂവീസ് ആൻഡ് ടിവി മൈക്രോഡ്രാമ രംഗത്തേക്ക്

**കൊച്ചി:** മൊബൈൽ ഉപഭോക്താക്കൾക്കിടയിൽ വർദ്ധിച്ചുവരുന്ന ചെറിയ സീരീസ് വീഡിയോകളുടെ ജനപ്രീതി കണക്കിലെടുത്ത് പ്രമുഖ ടെലികോം സേവന ദാതാക്കളായ വോഡഫോൺ ഐഡിയയുടെ കൺറ് അഗ്രഗേറ്റർ പ്ലാറ്റ്ഫോമായ വി മൂവീസ് ആൻഡ് ടിവി മൈക്രോഡ്രാമ രംഗത്തേക്ക് കടന്നു. ബുള്ളറ്റ് മൈക്രോഡ്രാമ ആപ്പുമായി സഹകരിച്ചാണ് വി മൂവീസ് ആൻഡ് ടിവി ആപ്പിലൂടെ തുടക്കത്തിൽ തികച്ചും സൗജന്യമായി ലഭ്യമാക്കുന്നത്. രാജ്യത്തെ സ്മാർട്ട്ഫോൺ ഉപയോക്താക്കൾക്കിടയിൽ മൈക്രോഡ്രാമകൾ അതിവേഗം ജനപ്രീതി നേടുകയാണ്. 2025 ലെ ആദ്യ പാദത്തിൽ ആഗോളതലത്തിലെ മൈക്രോഡ്രാമ പ്ലാറ്റ്ഫോം ഡൗൺലോഡുകളുടെ 11 ശതമാനവും ഇന്ത്യയിൽ നിന്നായിരുന്നു ഇത് ഏകദേശം 3.5 കോടിയോളം വരും. 2026-ഓടെ 1.5 ബില്യൺ ഡോളറായും 2030-ഓടെ 4.5 ബില്യൺ ഡോളറായും ഇന്ത്യൻ മൈക്രോഡ്രാമ വിപണി വളരുമെന്നാണ് കണക്കാക്കപ്പെടുന്നത്.

# എൻഎസ്ഇ ഇലക്ട്രോണിക് ഗോൾഡ് രസീതുകൾ ആരംഭിച്ചു

**കൊച്ചി:** നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് ഓഫ് ഇന്ത്യ ലിമിറ്റഡ്(എൻഎസ്ഇ) ഇലക്ട്രോണിക്സ് ഗോൾഡ് രസീതുകൾ(ഇജിആർ)ആരംഭിച്ചു. ഇന്ത്യയുടെ സ്വർണ്ണ വിപണിയിൽ സുതാര്യത, കാര്യക്ഷമത, ഔപചാരികത എന്നിവ കൊണ്ടു വരുന്നതിനായി രൂപകൽപ്പന ചെയ്ത വിപ്ലവകരമായ സംരംഭമാണിത്.

ഇജിആർ ഭൗതിക സ്വർണ്ണത്തിന്റെ ഉടമസ്ഥാവകാശത്തെ പ്രതിനിധീകരിക്കുന്ന ഡീമെറ്റീരിയലൈസ്ഡ് സെക്യൂരിറ്റികളാണ്. ഇവ സെബി അംഗീകൃത വാൾട്ടുകളിൽ സുരക്ഷിതമായി സൂക്ഷിക്കുകയും ഡിപ്പോസിറ്ററികൾ വഴി ഇലക്ട്രോണിക് രീതിയിൽ സൂക്ഷിക്കുകയും ചെയ്യുന്നു. ഓരോ ഇജിആറും ഭൗതിക സ്വർണ്ണത്താൽ പൂർണ്ണമായും പിന്തുണയ്ക്കപ്പെടുന്നു, കൂടാതെ എക്സ്ചേഞ്ചിൽ വ്യാപാരം ചെയ്യാവുന്നതുമാണ്.

ഇജിആർ അവതരിപ്പിച്ചതുവഴി എൻഎസ്ഇയുടെ കരുത്തുറ്റ സാങ്കേതികവിദ്യയും ലിക്വിഡിറ്റി ഇൻഫ്രാസ്ട്രക്ചറും പ്രയോജനപ്പെടുത്തി സ്വർണ്ണത്തിലേക്കുള്ള പ്രവേശനം ജനാധിപത്യവൽക്കരിക്കുകയും രാജ്യത്തുടനീളമുള്ള നിക്ഷേപകരെ സുതാര്യതയോടും ആത്മവിശ്വാസത്തോടും കൂടി വ്യാപാരം നടത്താൻ പ്രാപ്തരാക്കുകയും ചെയ്യുമെന്ന് എൻഎസ്ഇ ചീഫ് ബിസിനസ് ഡെവലപ്മെന്റ് ഓഫീസർ ശ്രീറാം കൃഷ്ണൻ പറഞ്ഞു.

ഇലക്ട്രോണിക് ഹോൾഡിംഗ്, ഉറപ്പായ ഗുണനിലവാരം, ഭൗതിക, ഡിജിറ്റൽ ഫോർമാറ്റുകൾക്കിടയിൽ തടസ്സമില്ലാത്ത പരിവർത്തനം എന്നിവ സാധ്യമാക്കുന്നതിലൂടെ, ചെറിയ മൂല്യങ്ങളിൽ പോലും സ്വർണ്ണ വിപണിയിൽ പങ്കെടുക്കാൻ നിക്ഷേപകരെ പ്രാപ്തരാക്കുന്നു, അതുവഴി ഡീമാറ്റ് രൂപത്തിൽ കൈവശം വച്ചിരിക്കുന്ന മറ്റ് സാമ്പത്തിക ഉപകരണങ്ങളെപ്പോലെ മികച്ച ദ്രവ്യതയും വഴക്കവും നൽകുന്നു.

# ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** 2026-27 അദ്ധ്യായന വർഷത്തെ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി (BHMCT) പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ കേരള എച്ച്.എസ്.ഇ ബോർഡ് നടത്തുന്ന ഹയർ സെക്കൻഡറി പരീക്ഷ (10+2) അല്ലെങ്കിൽ തത്തുല്യമായി അംഗീകരിച്ച പരീക്ഷകൾ വിജയിച്ചിരിക്കണം. അല്ലെങ്കിൽ സമാനമായ മേഖലയിൽ ഡി.വോക് വിജയിച്ചിരിക്കണം. എൽ.ബി.എസ് സെന്റർ നടത്തുന്ന പ്രവേശന പരീക്ഷ വിജയിക്കുന്നവർക്ക് മാത്രമേ BHMCT കോഴ്സിന് ചേരാൻ അർഹതയുണ്ടാവുകയുള്ളു.

പ്രവേശന പരീക്ഷയുടെ റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ഈ കോഴ്സിലേക്കുള്ള പ്രവേശനം നടത്തുന്നത്. www.lbscentre.kerala.gov.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി 2026 ഏപ്രിൽ 29 മുതൽ മെയ് 25 വരെ അപേക്ഷാ ഫീസ് അടയ്ക്കാവുന്നതാണ്. ഓൺലൈൻ അപേക്ഷ സമർപ്പണം 2026 മെയ് 26 വരെ. പൊതുവിഭാഗത്തിന് 1300 രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 650 രൂപയുമാണ് അപേക്ഷാ ഫീസ്. വ്യക്തിഗത വിവരങ്ങൾ വെബ്സൈറ്റിൽ രേഖപ്പെടുത്തിയ ശേഷം ഡൗൺലോഡ് ചെയ്ത ചെല്ലാൻ ഉപയോഗിച്ച് കേരളത്തിലെ ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ശാഖ വഴിയും അപേക്ഷാ ഫീസ് അടയ്ക്കാവുന്നതാണ്. ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന അവസരത്തിൽ അനുബന്ധ രേഖകൾ അപ്‌ലോഡ് ചെയ്യേതാണ്. തിരഞ്ഞെടുക്കപ്പെട്ട പരീക്ഷ കേന്ദ്രങ്ങളിൽ വച്ച് പ്രവേശന പരീക്ഷ നടത്തുന്നതാണ്. പരീക്ഷ തീയതി പിന്നീട് അറിയിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2324396, 2560327 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

# കിക്മയിൽ എം.ബി.എ

**തിരുവനന്തപുരം:** കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിൽ (കിക്മ) എം.ബി.എ. (ഫുൾടൈം) 2026-28 ബാച്ചിലേയ്ക്കുള്ള അപേക്ഷ ക്ഷണിച്ചു. കേരള സർവ്വകലാശാലയുടെയും, എ.ഐ.സി.റ്റി.യുടെയും അംഗീകാരത്തോടെ നടത്തുന്ന ദ്വിവൽസര കോഴ്സിൽ ലോജിസ്റ്റിക്സ്, ബിസിനസ് അനലിറ്റിക്സ്, ഫിനാൻസ്, മാർക്കറ്റിംഗ്, ഹ്യൂമൻ റിസോഴ്സ്, എന്നിവയിൽ സ്പെഷ്യലൈസേഷന് അവസരമുണ്ട്.

50 ശതമാനം മാർക്കിൽ കുറയാതെയുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. അവസാന വർഷ ബിരുദവിദ്യാർത്ഥികൾക്കും കെ-മാറ്റ്/സി-മാറ്റ്/ക്യാറ്റ് (KMAT/CMAT/CAT) പ്രവേശന പരീക്ഷ സ്കോർ കാർഡ് ഉള്ളവർക്കും, അതിനായി തയ്യാർ എടുക്കുന്നവർക്കും അപേക്ഷ സമർപ്പിക്കാം. www.kicma.ac.in ലൂടെ മേയ് 20 വൈകിട്ട് 5 നകം അപേക്ഷ സമർപ്പിക്കണം.

# രേഖകൾ അപ്‌ലോഡ് ചെയ്യണം

**തിരുവനന്തപുരം:** തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അസിസ്റ്റന്റ് ലാ ഓഫീസർ ഗ്രേഡ് II (കാറ്റഗറി നം.43/2025), കൊച്ചിൻ ദേവസ്വം ബോർഡിലെ ശാന്തി (കാറ്റഗറി നം. 70/2025) തസ്തികകളുടെ ഏപ്രിൽ 17ന് പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികകളിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷയിൽ അവകാശപ്പെട്ടിട്ടുള്ള പേര്, വയസ്സ്, മേൽവിലാസം, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം, ജാതി സംവരണം, മറ്റ് ആനുകൂല്യങ്ങൾ എന്നിവ തെളിയിക്കുന്ന അസ്സൽ പ്രമാണങ്ങൾ ദേവജാലിക പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള അവസാന തീയതി മെയ് 7 വരെ നീട്ടി.

## പരിശീലനത്തിന് അപേക്ഷിക്കാം

**തിരുവനന്തപുരം:** ഐ.എച്ച്.ആർ.ഡിയുടെ സെന്റർ ഫോർ അഡ്വാൻസ്ഡ് ടെക്നോളജീസ് ആന്റ് സ്കിൽസിൽ ഈ മാസം ആംരഭിക്കുന്ന UGC-NET Paper II ൽ മലയാളത്തിലും ഇക്കണോമിക്സിലും പരിശീലനത്തിനായി അർഹരായിട്ടുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. രജിസ്റ്റർ ചെയ്യുന്നതിന് 8136882389, 9495069307, 8547005087, 0471 2660512 (0) നമ്പറുകളിൽ ബന്ധപ്പെടുക.

## ലേലം നാളെ

**കൊച്ചി:** എറണാകുളം ഗവൺമെന്റ് ലോ കോളേജ് ക്യാമ്പസിലെ ഫലവൃക്ഷങ്ങളുടെ വിളവെടുപ്പിനുള്ള പുനർ ലേലം നാളെ നടക്കും. താൽപ്പര്യമുള്ളവർ നാളെ രാവിലെ 11 മണിക്ക് കോളേജിൽ നടക്കുന്ന പരസ്യ ലേലത്തിൽ പങ്കെടുക്കണം .

സൊസൈറ്റി ടുഡേ
SOCIETY TODAY

# ട്വിൻ–സിലിണ്ടർ റിട്രോഫിറ്റ്മെന്റ് കിറ്റോടെ നിസാൻ ഗ്രാവൈറ്റ് സിഎൻജി വിപണിയിൽ






**കൊച്ചി :** സർക്കാർ അംഗീകൃത സിഎൻജി റിട്രോഫിറ്റ്മെന്റ് കിറ്റോടെ പുതിയ നിസ്സാൻ ഗ്രാവൈറ്റ് പുറത്തിറങ്ങി. 7-സീറ്റർ പ്രവർത്തനക്ഷമത നിലനിർത്തിയും, സ്ഥലവും യാത്രാസുഖവും പ്രായോഗികത സംരക്ഷിച്ചുമാണ് ഈ വിഭാഗത്തിലെ ആദ്യത്തെ ടിൻ-സിലിണ്ടർ സാങ്കേതികവിദ്യ ഉൾപ്പെടുത്തി ഇത് പുറത്തിറക്കിയിരിക്കുന്നത്. മോട്ടോസെൻ വികസിപ്പിച്ച ഈ സംവിധാനം 82,999 രൂപ എന്ന പ്രാരംഭ വിലയിൽ ലഭ്യമാകും. സിഎൻജിയുടെ കിറ്റ് ഘടകങ്ങൾ 3 വർഷം അല്ലെങ്കിൽ 1,00,000 കിലോമീറ്റർ തേർഡ്-പാർട്ടി വാറന്റിയോടെയാണ് വരുന്നത്.

പുതിയ നിസ്സാൻ ഗ്രാവൈറ്റിനായി ഈ സെഗ്മെന്റിലെ ആദ്യ ടിൻ-സിലിർ പരിഹാരം അവതരിപ്പിക്കുന്നതിൽ തങ്ങൾക്ക് അതിയായ സന്തോഷമുണ്ടെന്ന് നിസ്സാൻ മോട്ടോർ ഇന്ത്യയുടെ മാനേജിംഗ് ഡയറക്ടർ സൗരഭ് വത്സ പറഞ്ഞു.ഓൾ-ന്യൂ നിസ്സാൻ ഗ്രാവൈറ്റ് സിഎൻജി റിട്രോഫിറ്റ്മെന്റ് കിറ്റ് 16 സംസ്ഥാനങ്ങളിൽ നിസ്സാന്റെ അംഗീകൃത ഡീലർ നെറ്റ്‌വർക്ക് വഴി ലഭ്യമാകും.

# സന്തൂർ ഷവർ ജെൽ വിപണിയിൽ

**കൊച്ചി:** വിപ്രോ കൺസ്യൂമർ കെയർ & ലൈറ്റിംഗിന്റെ സന്തൂർ ബ്രാൻഡ് പുതിയ ഷവർ ജെൽ ശ്രേണി പുറത്തിറക്കി. ചന്ദനത്തിന്റെ ഗുണങ്ങൾ ലിക്വിഡ് ബോഡി വാഷ് രൂപത്തിൽ അവതരിപ്പിക്കുന്ന ഈ പുതിയ ഉൽപ്പന്നം ആധുനിക ഉപഭോക്താക്കളെ ലക്ഷ്യമിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. ഇതിനൊടൊപ്പം "സാൻഡൽവുഡ് കാ റീമിക്സ്" എന്ന പേരിൽ പുതിയ ക്യാംപെയിനും തുടക്കമായി. നടി ശ്രീലീലയെ ബ്രാൻഡ് അംബാസഡറായി നിയമിച്ചു. സാഫ്റോൺ ആൻഡ് മാരിഗോൾഡ്, ലെമൺ ആൻഡ് ഫ്രാങ്കിപാനി എന്നിവയുൾപ്പെടെ ഒന്നിലധികം വേരിയന്റുകളിൽ സന്തൂർ ഷവർ ജെൽ ലഭ്യമാണ്.



## ഫിറ്റ്നസ് ട്രെയിനർ കോഴ്സിലേക്ക് പ്രവേശനം ആരംഭിച്ചു

**കൊച്ചി:**കേരള സർക്കാരിന്റെ നൈപുണ്യ വികസന സംരംഭമായ അസാപ് കേരള കല്ലടിക്കോട് പവർ ഹോഴ്സ് ജിമ്മിൽ നടത്തുന്ന ഫിറ്റ്നസ് ട്രെയിനർ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്ലസ് ടു യോഗ്യതയുള്ള, 18 വയസ്സ് പൂർത്തിയായവർക്ക് പ്രവേശനം നേടാം. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കേന്ദ്ര നൈപുണ്യ വികസന മന്ത്രാലയത്തിന് കീഴിലുള്ള സ്പോർട്സ് ആൻഡ് ഫിറ്റ്നസ് സെക്ടർ സ്കിൽ കൗൺസിൽ നൽകുന്ന എൻ.സി.വി.ഇ.റ്റി. ലെവൽ 4 സർട്ടിഫിക്കറ്റ് ലഭിക്കും. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി മെയ്8. ഫോൺ:9495999667, 9895967998.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com